150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

സൈനിക ക്ഷേമ വകുപ്പ് - സൈനിക സേവനത്തിനിടെ അരുണാചൽപ്രദേശിൽ മരണപ്പെട്ട No.14872776F Sepoy റോബിൻ ജോസഫിന്റെ ആശ്രിതർക്ക് ബഹു.മുഖ്യമന്ത്രിയുടെ സൈനികക്ഷേമ നിധിയിൽ നിന്നുള്ള സാമ്പത്തിക സഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനിക ക്ഷേമ (എ) വകുപ്പ്**

**സ.ഉ(കൈ)നം.9/2022/സൈ.ക്ഷേ.വ** **തീയതി, തിരുവനന്തപുരം :22.02.2022**

---

പരാമർശം:- 1. സ.ഉ(പി)നം.450/99/പൊ.ഭ.വ തീയതി 29.06.1999.
2. സ.ഉ (കൈ)നം.434/01/പൊ.ഭ.വ തീയതി 15.11.2001.
3. സ.ഉ(കൈ)നം.14/2012/പൊ.ഭ.വ തീയതി 17.01.2012.
4. സൈനികക്ഷേമ വകുപ്പ് ഡയറക്ടറുടെ 09.08.2021 ലെ DSW/3106/2019-B6/CMSWF നമ്പർ കത്ത്.

## ഉത്തരവ്

ബഹു. മുഖ്യമന്ത്രിയുടെ സൈനികക്ഷേമ നിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിക്കുന്നതിനായി സൈനിക സേവനത്തിനിടെ അരുണാചൽ പ്രദേശിൽ മരണപ്പെട്ട Sepoy റോബിൻ ജോസഫിന്റെ മാതാവ് ശ്രീമതി.സെലിൻ റെജി അപേക്ഷ സമർപ്പിക്കുകയുണ്ടായി.

പ്രസ്തുത അപേക്ഷ സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്ത് പരാമർശം 4 പ്രകാരം സർക്കാരിന്റെ പരിഗണനയ്ക്കായി അയയ്ക്കുകയുണ്ടായി.

പ്രസ്തുത നിർദ്ദേശം, ബഹു. മുഖ്യമന്ത്രിയുടെ സൈനികക്ഷേമ നിധിയുടെ ഭരണവുമായി ബന്ധപ്പെട്ട പരാമർശം 1-3 ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. Sepoy റോബിൻ ജോസഫ് 2019 ജനുവരി 20 ന് അരുണാചൽ പ്രദേശിലെ Tadogitu Mountain Terrain - ൽ മിലിട്ടറി വാഹനം ഓടിക്കവേ ഉണ്ടായ റോഡപകടത്തിൽ മരണപ്പെടുകയുണ്ടായി. പ്രസ്തുത കാഷ്വാലിറ്റി ആട്രിബ്യൂട്ടബിൾ ടു മിലിട്ടറി സർവ്വീസ് ആയി മിലിട്ടറി അധികാരികൾ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ അരുണാചൽപ്രദേശിലെ Tadogitu Mountain Terrain - ൽ മിലിട്ടറി വാഹനം ഓടിക്കവേ ഉണ്ടായ റോഡപകടത്തിൽ മരണപ്പെട്ട Sepoy റോബിൻ ജോസഫിന്റെ മാതാവ്, ഇടുക്കി ജില്ലയിൽ ഉടുമ്പഞ്ചോല താലൂക്കിൽ കൽക്കുന്തൽ വില്ലേജിൽ ചെമ്പളം (പി.ഒ) നന്തിക്കാട്ട് ഹൗസിൽ, ശ്രീമതി.സെലിൻ റെജി -യ്ക്ക് ബഹു.മുഖ്യമന്ത്രിയുടെ സൈനികക്ഷേമ നിധിയിൽ നിന്നും **5,00,000/-**

**രൂപ (അഞ്ച് ലക്ഷം രൂപ മാത്രം)** സാമ്പത്തിക സഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി തുക പ്രസ്തുത ഫണ്ടിന്റെ ട്രഷററും മെമ്പറുമായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ശ്രീമതി.സെലിൻ റെജിയുടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ നെടുങ്കണ്ടം ശാഖയിലെ അക്കൗണ്ടന്റ് നമ്പർ **38212288677 (IFSC SBIN0070216)** ലേയ്ക്ക് ഇലക്ട്രോണിക് മണി ട്രാൻസ്ഫർ ചെയ്തു നൽകേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ജയശ്രീ.എം**
**ജോയിന്റ് സെക്രട്ടറി**

പകർപ്പ്-

1. അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യ വകുപ്പ്), മെമ്പർ & ട്രഷറർ, ബഹു.മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമ നിധി.
2. ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
3. ശ്രീമതി.സെലിൻ റെജി, നന്തിക്കാട്ട് വീട്, ചെമ്പളം.പി.ഒ, കൽക്കുന്തൽ, ഉടുമ്പഞ്ചോല, ഇടുക്കി ജില്ല-685 553.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
6. ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
7. ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
8. സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ